**File No.SJD/2590/2020-D2**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :17/07/2020
Email -swdkerala@gmail.com
Phone : 0471 - 2306040

**<u>സർക്കുലർ</u>**

വിഷയം: സാ.നീ. വ : കോവിഡ്-19- ക്ഷേമസ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:

സംസ്ഥാനത്ത് കോവിഡ് മഹാമാരി സാമൂഹിക വ്യാപനത്തിന്റെ അടുത്തേയ്ക്ക് എത്തിയിരിക്കുന്ന സാഹചര്യത്തിൽ രോഗ വ്യാപനം തടയുന്നതിനും ക്ഷേമാസ്ഥാപനങ്ങളിലെ താമസക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനായി ചുവടെ ചേർക്കുന്ന പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്ഥാപനങ്ങളിലെ താമസക്കാരുമായി നേരിട്ട് ഇടപഴകുന്ന ജീവനക്കാരുടെ ഡ്യൂട്ടി ഒരാഴ്ച തുടർച്ചയായി ജോലി ചെയ്യത്തക്ക വിധത്തിൽ ക്രമീകരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്. ഒരാഴ്ച തുടർച്ചയായി ജോലി നോക്കുന്ന ജീവനക്കാർക്ക് തുടർന്ന് വരുന്ന ആഴ്ച ഡ്യൂട്ടി ഓഫ് നൽകുന്ന വിധത്തിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നതിനുള്ള ക്രമീകരണം സ്ഥാപന മേധാവികൾ അതത് ജില്ലാ ഓഫീസർമാരുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്.
2. സ്ഥാപനങ്ങളിലെ താമസക്കാരുമായി നേരിട്ട് ഇടപഴകാത്ത ക്ളറിക്കൽ ജോലി ഉൾപ്പടെ ചെയ്യുന്ന ജീവനക്കാർ നിലവിലെ സർക്കാർ നിർദ്ദേശപ്രകാരം തന്നെ തുടർന്നും ജോലി ചെയ്യേണ്ടതാണ്. എന്നാൽ ഈ ജീവനക്കാർ യാതൊരു സാഹചര്യത്തിലും താമസക്കാരുമായി സമ്പർക്കം പുലർത്താൻ പാടുള്ളതല്ല.
3. തിരുവനന്തപുരം ജില്ലയിലെ ക്ഷേമാസ്ഥാപനങ്ങളിൽ ഈ നിർദ്ദേശങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.
4. സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരും കൊവിഡ് പ്രൊട്ടോക്കോൾ പ്രകാരം എല്ലാ സുരക്ഷ മുൻകരുതലും പാലിക്കുന്നതിനു പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.
5. സ്ഥാപനങ്ങളിൽ യാതൊരു കാരണവശാലും സന്ദർശകരെ അനുവദിക്കാൻ പാടില്ല . കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയിട്ടുള്ള നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

**File No.SJD/2590/2020-D2**

എല്ലാ സ്ഥാപന മേധാവികൾക്കും

പകർപ്പ്

1. എല്ലാ ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കും
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും.
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.